"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: ഡോ.വീണ എൻ മാധവൻ ഐ.എ.എസ് )

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയത് - ശ്രീ.ജ്യോതിഷ്കുമാർ.എൻ(പെൻ:370156) , സീനിയർ സൂപ്രണ്ടിനെ സസ്പെന്റ് ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം:
1. പ്രിൻസിപ്പാൾ, ഐ.ടി.ഐ ചന്ദനത്തോപ്പിന്റെ 22.12.2023 തീയതിയിലെ ITI-CHTP/1218/2023-എ2 നമ്പർ കത്ത്.
2. ട്രെയിനിംഗ് ഡയറക്ടറുടെ 18.01.2024 തീയതിയിലെ ഇതേ നമ്പർ നടപടി ക്രമം.
2. സീനിയർ ഫിനാൻസ് ഓഫീസറുടെ 17.02.2024 തീയതിയിലെ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ് നമ്പർ: ഡി.റ്റി/6007/2023-VC തീയതി: 26-02-2024**

ചന്ദനത്തോപ്പ് ഗവ. ഐ റ്റി ഐയിലെ സീനിയർ ക്ലാർക്കായ ശ്രീമതി മോളമ്മ ചെറിയാന്റെ BIMS-ലെ Beneficiary Account; ടിയാളുടെ അപേക്ഷയോ സമ്മതമോ കൂടാതെ തിരുത്തൽ വരുത്തിയതായും ആയത് മൂലം ടിയാളുടെ അക്കൗണ്ടിലേയ്ക്ക് വരേണ്ട തുക മറ്റൊരു അക്കൗണ്ടിൽ Credit ആയതായും ടിയാൻ ആറ്റിങ്ങൽ ഐ റ്റി ഐയിൽ സേവനത്തിലുണ്ടായിരുന്ന കാലയളവിലാണ് അക്കൗണ്ടിൽ തിരുത്തൽ നടന്നിട്ടുള്ളത് എന്നും ടി വിഷയത്തിന്റെ ഗൌരവം കണക്കിലെടുത്ത് അടിയന്തിര നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മേൽ പറഞ്ഞ പരാതി അന്വേഷിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥർ ആറ്റിങ്ങൽ ഐ.ടി.ഐ, ചന്ദനത്തോപ്പ് ഐ.ടി.ഐ, ബി.റ്റി.സി, സബ്ട്രഷറി കുണ്ടറ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും, ആവശ്യമായ രേഖകൾ സംഭരിക്കുകയും, ടി കേസിൽ ഉൾപ്പെട്ട എല്ലാരുടേയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി പരാമർശം (3) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ആറ്റിങ്ങൽ ഐ.ടി.ഐയിലെ ഡി.ഡി.ഒ ആയിരുന്ന ശ്രീ.ജ്യോതിഷ് കുമാർ.എൻ, (പെൻ:370156) സീനിയർ സൂപ്രണ്ട് ടിയാന്റെ BIMS, DDO ADMIN ലോഗിൻ വഴി

ശ്രീമതി.മോളമ്മ ചെറിയാൻ സീനിയർ ക്ലാർക്കിന്റെ ബെനിഫിഷ്യറി അക്കൌണ്ട് നമ്പർ മാറ്റി മറ്റൊരു അക്കൌണ്ട് നമ്പർ ചേർത്തതായി കണ്ടെത്തിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് അന്വേഷണത്തിന്റെ ഭാഗമായി ടിയാനിൽ നിന്നും മൊഴി രേഖപ്പെടുത്തിയിരുന്നു. ടി അവസരത്തിൽ പരാതിക്കാരിയുടെ അക്കൌണ്ട് താൻ അല്ല മാറ്റം വരുത്തിയത് എന്നാണ് മൊഴി നൽകിയിട്ടുള്ളത്. DDO ADMIN ലോഗിൻ, DDO വ്യക്തിപരമായി മാത്രം കൈകാര്യം ചെയ്യേണ്ട ഒന്നാണ്. ടി ഉത്തരവാദിത്തത്തിൽ നിന്നു ടിയാന് ഒഴിഞ്ഞു മാറാൻ കഴിയില്ല. ആയതിനാൽ പരാതിക്കാരിയുടെ അക്കൌണ്ട് നമ്പരിൽ മാറ്റം വരുത്തിയത് ടിയാൻ അല്ല എന്ന വാദം നില നിൽക്കില്ല എന്ന് അന്വേഷണ കമ്മിഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടിയാൻ ആറ്റിങ്ങൽ ഐ.ടി.ഐയിലെ ഡി.ഡി.ഒ ആയിരുന്ന സമയത്ത് BIMS മുഖേന ടിയാന്റെ ബെനിഫിഷ്യറി അക്കൌണ്ട് 5 തവണയും, പരാതിക്കാരി ആയ ശ്രീമതി.മോളമ്മ ചെറിയാന്റെ അക്കൌണ്ട് മൂന്നു തവണയും മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ പരാതിക്കാരിയുടെ അക്കൌണ്ട് താൻ അല്ല മാറ്റം വരുത്തിയത് എന്ന ഡി.ഡി.ഒ-യുടെ വാദം അംഗികരിക്കാൻ കഴിയുകയില്ല. 17.05.2023-ൽ ശ്രീമതി.മോളമ്മ ചെറിയാന്റെ ബെനിഫിഷ്യറി അക്കൌണ്ട് വിവരങ്ങളിൽ മാറ്റം വരുത്തി പകരം ഉൾപ്പെടുത്തിയ 67181195200 IFSC SBIN 0070870 എന്ന അക്കൌണ്ട് ശ്രീ.ജ്യോതിഷ് കുമാറിന്റെ സ്വന്തം അക്കൌണ്ട് ആണ്. കൂടാതെ അന്നേ ദിവസം വീണ്ടും മാറ്റിയ 67272375971 IFSC SBIN 0070870 എന്ന അക്കൌണ്ടിലേക്ക് ശ്രീ.ജ്യോതിഷ് കുമാറിന്റെ സാലറി അക്കൌണ്ട് 67181195200-ൽ നിന്നും തുക ട്രാൻസ്ഫർ ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്. ഇത് ശ്രീമതി.മോളമ്മ ചെറിയാന്റെ തെറ്റായി രേഖപ്പെടുത്തിയ അക്കൌണ്ട് നമ്പറിന്റെ ഉടമയുമായി ശ്രീ.ജോതിഷ് കുമാറിന്റെ ബന്ധം സ്ഥിരീകരിക്കുന്നു.

ഒരു സ്ഥാപനത്തിന്റെ DDO എന്ന നിലയിൽ തന്റെ അധികാരം ദുർവിനിയോഗം നടത്തി കീഴ് ജീവനക്കാരിയുടെ അക്കൌണ്ടിൽ തിരിമറി നടത്തി ടിയാൾക്ക് ലഭിക്കേണ്ട സാലറിയും മറ്റ ആനുകൂല്യങ്ങളും മറ്റൊരു അക്കൌണ്ടിലേക്ക് മാറ്റിയത് ഗുരുതരമായ കുറ്റമായി കമ്മിറ്റി ചൂണ്ടികാട്ടുന്നു. ടിയനെതിരെ വകുപ്പ് തല നടപടി സ്വീകരിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. D D O എന്ന നിലയിൽ തന്റെ പദവി ദുരുപയോഗം ചെയ്ത് പരാതിക്കാരിയുടെ അറിവോ സമ്മതമോ, അപേക്ഷയോ കൂടാതെ ടിയാളുടെ സാലറി അക്കൌണ്ട് തിരുത്തൽ വരുത്തി മറ്റൊരു ബാങ്ക് അക്കൌണ്ടിലേക്ക് പണം മാറ്റാൻ ശ്രമിച്ച ശ്രീ.ജ്യോതിഷ് കുമാർ.എൻ സാമ്പത്തിക തിരിമറിയും കുറ്റകൃത്യവും നടത്തി എന്ന് കമ്മിറ്റിക്ക് ബാധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽ നിന്നു മാറ്റി നിർത്തി സമഗ്രമായ അന്വേഷണം നടത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യം ആരോപിക്കപ്പെട്ടിട്ടുള്ള നിലവിൽ BTC കൊല്ലം സീനിയർ സുപ്രണ്ട് ആയ ശ്രീ.ജ്യോതിഷ് കുമാർ.എൻ (പെൻ:370156)-നെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നു സസ്പെന്റ് ചെയ്തു ഉത്തരവാകുന്നു.

സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന് കേരള സിവിൽ സർവീസ് റൂൾസ് പാർട്ട് -1 റൂൾസ് 55 നോട്ട് 3 പ്രകാരം ഉപജീവന ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

പ്രിൻസിപ്പാൾ, BTC കൊല്ലം ടി സ്ഥാപനത്തിന്റെ DDO-യുടെ ചാർജ്ജ് അസ്യൂം ചെയ്യേണ്ടതും ടി വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

s/d
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:

ശ്രീ. ജോതിഷ് കുമാർ.എൻ(പെൻ:370156)
സീനിയർ സുപ്രണ്ട് , BTC കൊല്ലം

പകർപ്പ്:

ട്രെയിനിംഗ് ഡയറക്ടറുടെ സി.എ
സീനിയർ ഫിനാൻസ് ഓഫീസർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്
പ്രിൻസിപ്പാൾ, BTC കൊല്ലം
കരുതൽ ഫയൽ (VC)

**//ഉത്തരവിൻ പ്രകാരം//**

സീനിയർ സൂപ്രണ്ട്